# Vol. 1

പാസ്റ്ററൽ ലെറ്റർ 1/2004

Prot. No. 49/2004

# ഇടയലേഖനം

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

## മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സമർപ്പിതർക്കും അൽമായർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും കർത്താവിന്റെ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ (മത്താ. 20:28) എന്ന കർതൃവചനത്താൽ നിങ്ങളെ ഞാൻ അഭിവാദനം ചെയ്യുന്നു. രൂപതയ്ക്ക് ചേർന്ന ഇടയനെ നൽകണമേയെന്ന കഴിഞ്ഞ ഒരു വർഷമായി നിങ്ങൾ പ്രാർത്ഥിക്കുകയായിരുന്നുവല്ലോ. അങ്ങനെയുള്ള ഒരു ഇടയനായി ഞാൻ മാറണമേ എന്നാണെന്റെയും പ്രാർത്ഥന. അതേസമയം കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിഞ്ഞ് രൂപതയ്ക്ക് പുതിയൊരു ദിശാബോധം കൊടുത്ത് അതിനെ പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള വിശുദ്ധിയും വിജ്ഞാനവും വിവേകവും നൽകി എന്നെ അനുഗ്രഹിക്കണമേയെന്ന് നിങ്ങൾ തുടർന്നും പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ദൈവത്തിന്റെ പദ്ധതിയിൽ ഒന്നും യാദൃശ്ചികമല്ല. നമ്മുടെ രൂപതയ്ക്കായി വ്യക്തമായൊരു പദ്ധതി ദൈവത്തിനുണ്ട് എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. നമ്മുടെ രൂപതയുടെ ചരിത്രത്തിൽ ഇതുവരെ സംഭവിച്ചിട്ടുള്ളതെല്ലാം ആ ദൈവികപദ്ധതിയുടെ ഭാഗം തന്നെയാണ്. എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവം വിവിധ സംഭവങ്ങളിലൂടെ നമ്മുടെ രൂപതയെ അതിന്റെ ലക്ഷ്യത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. അവയിലെല്ലാം ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിയുവാനും അതിനോട് സഹകരിക്കുവാനും നാം തയ്യാറാകണം. നമ്മെ നിരന്തരം പരിപാലിക്കുകയും അഭിവൃദ്ധിയുടെ പടവുകളിലേയ്ക്ക് നയിക്കുകയും ചെയ്ത ദൈവത്തെ സ്തുതിക്കുകയും അവിടുത്തേയ്ക്ക് നന്ദി പറയുകയും ചെയ്യാം. കാരണം കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം നിഷ്ഫലമാണ്.

1973 മാർച്ച് 1-ന് സ്ഥാപിതമായ നമ്മുടെ രൂപത അതിന്റെ ബാലാരിഷ്ടതകൾ മാറി വളർച്ചയുടെ പാതയിലാണ്. ഇതിന് നാം കടപ്പെട്ടിരിക്കുന്നത് ഈ രൂപതയുടെ മുൻ പിതാക്കന്മാരോടും നൂറു കണക്കിന് വൈദികരോടും സമർപ്പിതരോടും തീക്ഷ്ണമതികളായ അത്മായ സഹോദരങ്ങളോടുമാണ്. അവിഭക്ത തലശ്ശേരി രൂപതയുടെ മെത്രാനായി വന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെയും രൂപതയുടെ പ്രഥമമെത്രാനായിവന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനെയും അകാലത്തിൽ നമ്മിൽനിന്ന് വേർപിരിഞ്ഞുപോയ അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവിനെയും ഈയവസരത്തിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. ഇതിനിടെ രണ്ടു ഘട്ടങ്ങളിലായി രൂപത മെത്രാൻ ഇല്ലാതിരുന്ന അവസരങ്ങളിൽ രൂപതയെ സമർത്ഥമായി നയിച്ച ബഹു. ജോസഫ് കണിയാമറ്റം അച്ചനെയും ബഹുമാനപ്പെട്ട ജോർജ്ജ് വെരളക്കാട്ടച്ചനെയും നന്ദിയോടെ ഓർക്കുന്നു.

ദശാബ്ദങ്ങൾക്ക് മുമ്പ് തങ്ങളുടെ മക്കളുടെ നല്ലഭാവിയെ കരുതി നാടും വീടും ഉപേക്ഷിച്ച് രൂപതയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് കുടിയേറി, പ്രകൃതിയോടും കാട്ടുമൃഗങ്ങളോടും പടവെട്ടി നമുക്കായി നല്ലൊരു ഭാവിയൊരുക്കി കടന്നുപോയ നമ്മുടെ പിതാമഹന്മാരുടെ പാവനസ്മരണയ്ക്കു മുമ്പിൽ നമുക്ക് തലകുനിക്കാം.

ഇല്ലായ്മകളുടെ നടുവിലും തങ്ങളുടെ ക്രൈസ്തവവിശ്വാസവും ധാർമ്മികമൂല്യങ്ങളും കാത്തുസൂക്ഷിച്ച അവരുടെ ജീവിതമാതൃക നമുക്കെന്നും മാർഗ്ഗദീപമായിരിക്കട്ടെ.

രൂപതയെന്നാൽ ദൈവജനമാകുന്ന സഭയുടെ ഒരു ഭാഗമാണ്. ഈ ദൈവജനത്തിന്റെ ശുശ്രൂഷയാണ് അതിന്റെ മെത്രാന് ഏൽപിക്കപ്പെട്ടിരിക്കുന്നത്. വചനപ്രഘോഷണവും വിശുദ്ധബലിയുടെ അർപ്പണവും വഴി പരിശുദ്ധാത്മാവിൽ ഏവരെയും ഒരുമിപ്പിച്ച് പ്രാദേശികസഭയായ രൂപതയെ വളർത്തുന്നതാണ് ആ ശുശ്രൂഷ. അദ്ദേഹമത് നിർവ്വഹിക്കുന്നത് തന്റെ സഹശുശ്രൂഷികളായ വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും സഹകരണത്തോടെയും സംഘാതത്തോടെയുമാണ്. സഭയുടെ പൊതു നന്മയ്ക്ക് ഉതകുന്ന കാര്യങ്ങളുടെ നിർവ്വഹണത്തിന് ആവശ്യമായ അധികാരാവകാശങ്ങളും അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു.

സഭയിലെ ഭരണയാത്മിക ചട്ടക്കൂടുകളുടെയും അധികാരകേന്ദ്രങ്ങളുടെയും ലക്ഷ്യം സഭാഗാത്രത്തെ പടുത്തുയർത്തുക എന്നതാണ്. അധികാരത്വരയും സ്വാർത്ഥതയും ലോകത്തിന്റെ ശൈലികളും എല്ലാം ഇവയ്ക്കന്യമായിരിക്കണം. ഗുരുവിന്റെയും കർത്താവിന്റെയും സ്ഥാനവും അധികാരാവകാശങ്ങളുമുണ്ടായിരുന്നിട്ടും അടിമയുടെ ജോലി ചെയ്ത് കാണിച്ച യേശുവാണ് ഇവിടെ മാതൃക. പുറജാതിക്കാരുടെ അധികാരികൾ അവരുടെ മേൽ ഭരണം നടത്തുന്നു, എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാകരുത് എന്നു പറഞ്ഞ ഗുരുവചനങ്ങളാണ് ഇവിടെ ജീവിതപ്രമാണമാകേണ്ടത്.

അധികാരം കയ്യാളുന്ന വ്യക്തികൾ മാത്രമല്ല സംഘാതാത്മകമായി പ്രവർത്തിക്കുന്ന പാസ്റ്ററൽ കൗൺസിൽ, പള്ളിപ്പൊതുയോഗം, പാരിഷ്കൗൺസിൽ തുടങ്ങിയവയുടെ പ്രവർത്തനശൈലിയും ഇതുതന്നെയായിരിക്കണം. കൈക്കാരന്മാരും കമ്മിറ്റിക്കാരുമെല്ലാം സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ വ്യാപൃതരായിരിക്കേണ്ടവരാണ്. സാമ്പത്തികഭരണവും മരാമത്ത് പണികളും ഈ പ്രവർത്തനത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണ്.

സഭയുടെ ഭാഗമായ രൂപതയുടെ ലക്ഷ്യം സഭയുടെ പൊതു ലക്ഷ്യത്തിൽ നിന്ന് ഭിന്നമാകാൻ തരമില്ല. കർത്താവിന്റെ രക്ഷണീയ കൃത്യത്തിന്റെ ഫലം സ്വയം അനുഭവിക്കുകയും അത് മറ്റുള്ളവർക്കും അനുഭവവേദ്യമാക്കാൻ അവസരമൊരുക്കുകയുമാണ് സഭയുടെ

ലക്ഷ്യം. പ്രാദേശികമായ അതിർത്തിക്കുള്ളിൽ രൂപതയുടെയും രൂപതയുടെ ചെറുഘടകമായ ഇടവകയുടെയും ലക്ഷ്യവും ഇതു തന്നെയാണ്.

കർത്താവിന്റെ രക്ഷണീയകൃത്യത്തിന്റെ ഫലം ഈ ലോകത്തിൽത്തന്നെ അനുഭവവേദ്യമാകണം. വരാനിരിക്കുന്ന ലോകത്തിൽ ഇവിടെയുള്ളതിന്റെ പൂർത്തീകരണമാണ് സാധിക്കേണ്ടത്. കാരണം ശരീരവും ആത്മാവുമുള്ള മനുഷ്യനെ രക്ഷിക്കാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്. നാം ശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഈ ലോകത്തിലാണ്. അതുകൊണ്ടാണ് സഭയുടെ ആദ്ധ്യാത്മിക ശുശ്രൂഷയോടൊപ്പം സാമൂഹ്യ ശുശ്രൂഷകളായ ആതുരസേവനം, വിദ്യാഭ്യാസ പ്രവർത്തനം തുടങ്ങിയവയ്ക്ക് പ്രസക്തിയുണ്ടാകുന്നത്.

മേൽപറഞ്ഞ കാര്യങ്ങളിൽ ജനകീയസമ്മതി എളുപ്പം ലഭ്യമാകുന്നതിനാൽ നമ്മുടെ ചുറ്റുപാടുകളിൽ നിന്നുള്ള സമ്മർദ്ദം മൂലം മറ്റ് സമൂഹങ്ങളും വ്യക്തികളും അവലംബിക്കുന്നതുമായ മാർഗ്ഗങ്ങളുമായി ഒത്തുതീർപ്പുകളിൽ എത്താനുള്ള പ്രവണത സഭയിലും പ്രകടമായെന്ന് വരാം. അങ്ങനെ വന്നാൽ ലോകത്തിന്റെ വെളിച്ചവും പുളിമാവുമാകേണ്ട സഭ അതിന്റെ ലക്ഷ്യത്തിൽ പരാജയപ്പെടുകയായിരിക്കും ഫലം. നിർഭാഗ്യവശാൽ കൈക്കൂലിയും അഴിമതിയും ആഡംബരഭ്രമവും ആഴത്തിൽ വേരൂന്നിയിട്ടുള്ള ഈ സമൂഹത്തിന്റെ ഭാഗമാണ് നാം. സഭയ്ക്കുള്ളിലേയ്ക്കും ഇവയെല്ലാം കടന്നുവരാനുള്ള സാധ്യത ഏറെയാണ്. പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്ന് മാത്രമല്ല, പ്രയോജനപ്രദമെന്ന് തോന്നുന്ന രീതിയിലുമായിരിക്കും അതു സംഭവിക്കുന്നത്. കാലക്രമത്തിൽ അത് സഭാജീവിതത്തിന്റെയും ഭാഗമാണ് എന്ന് തെറ്റിദ്ധരിക്കാനും തെറ്റിനെ ശരിയെന്നു വിളിക്കാനും ഇടയാകാം. നമ്മുടെ രൂപതയിൽ മേൽപറഞ്ഞ പ്രവണതകൾ ഉണ്ടെങ്കിൽ അവയെല്ലാം മാറ്റി ക്രൈസ്തവ ജീവിതത്തിന്റെ ശരിയായ ഉറവിടത്തിലേക്ക് നാം തിരിച്ചുപോകണം.

സഭയുടെ ലക്ഷ്യപ്രാപ്തിയ്ക്ക് ഏറ്റവും അത്യാവശ്യം വിശുദ്ധരും വിജ്ഞരും വിവേകികളും കൂട്ടായ്മയിൽ പ്രവർത്തിക്കുന്നവരുമായ സഭാനേതൃത്വത്തിലുള്ളവരാണ്. രൂപതാമെത്രാൻ തുടങ്ങി ഇടവകയിലും മറ്റും പ്രവർത്തിക്കുന്ന സംഘടനാ നേതൃത്വ

ത്തിലുള്ളവരുമായ എല്ലാവർക്കും ഇത് ബാധകമാണ്. വിശ്വാസ്യതയില്ലാത്തതും സാക്ഷ്യം നൽകാത്തതുമായ നേതൃത്വം സഭാഗാത്രത്തെ പടുത്തുയർത്തുകയില്ല എന്നു മാത്രമല്ല നശിപ്പിക്കുകയും ചെയ്യും. ആദർശധീരതയുള്ള നേതൃത്വത്തിനാകട്ടെ അത്ഭുതങ്ങൾ പ്രവർത്തിക്കാനും കഴിയും. ആദർശധീരത പ്രകടിപ്പിക്കുക മാത്രമല്ല കാലത്തിന്റെ അടയാളങ്ങൾ വായിച്ച് അതിനനുസരിച്ച് സഭാപ്രവർത്തനശൈലിയെ ദിശതിരിച്ച് വിടാനും ഈ നേതൃത്വത്തിന് കഴിയണം. കാലാവസ്ഥയുടെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ കഴിയുന്ന നമുക്ക് കാലത്തിന്റെ അടയാളങ്ങൾ അജ്ഞാതമായിരിക്കരുതല്ലോ.

ദൈവജനമാകുന്ന സഭാകുടുംബത്തിലെ വിവിധ അംഗങ്ങളാണ് നാമെല്ലാവരും. അതിൽ ഭൂരിപക്ഷവും അത്മായ വിശ്വാസികളാണ്. മെത്രാനും വൈദികരും സമർപ്പിതസമൂഹാംഗങ്ങളും ഈ കുടുംബത്തിലെ മുഴുവൻ സമയ ശുശ്രൂഷകരാകണം. വിവിധ സംഘടനകളിലും ഭരണസമിതികളിലും മറ്റും പ്രവർത്തിക്കുന്നവർ ഭാഗികമായി ഈ ശുശ്രൂഷ ചെയ്യുന്നവരാണ്. എല്ലാവരുടെയും ലക്ഷ്യമൊന്നാണെങ്കിലും ദൗത്യങ്ങൾ പലതാണ്. തങ്ങളുടെ എല്ലാവരുടെയും ലക്ഷ്യം ഒന്നാണെന്ന അവബോധത്തോടെ അവരവരുടേതായ ദൗത്യങ്ങൾ ഉത്തരവാദിത്വബോധത്തോടെയും മറ്റുള്ളവരുമായുള്ള കൂട്ടായ്മയിലും ചെയ്യാൻ ഓരോരുത്തരും ശ്രമിക്കുമ്പോൾ നമ്മുടെ രൂപത അതിന്റെ ലക്ഷ്യം പ്രാപിക്കും. പല ലക്ഷ്യങ്ങളോടെ പരസ്പരം ഭിന്നിച്ചു പ്രവർത്തിച്ചാൽ ആ ലക്ഷ്യത്തിൽ എത്താൻ നമുക്കൊരിക്കലും സാധ്യമാവുകയില്ല.

കുടുംബത്തിലെയും കുടുംബങ്ങളുടെയും കൂട്ടായ്മയിൽ ഇടവകകൾ പുഷ്ടിപ്പെടണം. ഇടവകവികാരിയും ഇടവകാംഗങ്ങളും പരസ്പരം സഹകരിച്ചും സഹായിച്ചും ആ കൂട്ടായ്മ ശക്തിപ്പെടുത്തണം. ഇടവകയിലെ സമർപ്പിത സമൂഹങ്ങളും ഈ കൂട്ടായ്മയുടെ ഭാഗം തന്നെയാണ്. ഇടവകയുടെ വിവിധ ഭരണസമിതികളിലും ഈ കൂട്ടായ്മ പ്രകടമാകണം. ഇടവകകൾ തമ്മിലും സമർപ്പിത സമൂഹങ്ങൾ തമ്മിലും കൂട്ടായ്മ വളരേണ്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ രൂപത മുഴുവൻ ഒറ്റക്കെട്ടായി യേശുവിന് സാക്ഷ്യം നൽകുന്ന ഒരു സമൂഹമായി മാറും. ഇങ്ങനെയുള്ള ഒരു സമൂഹ

ത്തിനേ ലോകത്തിന്റെ മനഃസാക്ഷിയാകാൻ കഴിയുകയുള്ളൂ. തെറ്റിനെയും ശരിയെയും വേർതിരിച്ചറിയാൻ കഴിവും അത് ലോകത്തോട് വിളിച്ചു പറയാൻ ധൈര്യവും സഭയ്ക്കുണ്ടാകുമ്പോൾ അവൾ യഥാർത്ഥത്തിൽ ലോക മനസ്സാക്ഷിയാകും.

നമ്മുടെ രൂപത ഇപ്രകാരം സത്യത്തിലും നീതിയിലും അടിയുറച്ച, യേശുവിന്റെ സുവിശേഷത്തിന് നിരന്തരം സാക്ഷ്യം നൽകുന്ന ഒരു സമൂഹമായി മാറട്ടെ എന്നാണെന്റെ പ്രാർത്ഥനയും ആശംസയും അതിനായി നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ എന്നും ഉണ്ടാകുമാറാകട്ടെ..

മാനന്തവാടി രൂപത കാര്യാലയത്തിൽ നിന്ന് 2004 ജൂൺ മാസം 1-ാം തീയതി നൽകപ്പെട്ടത്.

**+ മാർ. ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB :- ഈ ഇടയലേഖനം 2004 ജൂൺ മാസം 6-ാം തീയതി ഞായറാഴ്ച കുർബാന മധ്യേ വായിക്കേണ്ടതാണ്.

❖ ❖

പാസ്റ്ററൽ ലെറ്റർ 2/2004

Prot. No. 50/2004

## കുട്ടികൾക്കുള്ള കത്ത്

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ വീണ്ടും പുതിയൊരു സ്കൂൾ വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ദീർഘമായൊരു അവധിക്കാലത്തിന് ശേഷം പുത്തനുടുപ്പും പുത്തൻകുടയും മറ്റുമായി സന്തോഷത്തോടെ

സ്കൂളിലേയ്ക്ക് തിരിച്ചെത്തുന്ന നിങ്ങളെ ഈശോ ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബാല്യത്തിലാണ് നാം പലതും ആദ്യമായി പഠിക്കുന്നത്. ബാല്യത്തിൽ പഠിക്കുന്നകാര്യങ്ങൾ നമ്മുടെ സ്വഭാവത്തിലും പ്രകൃതിയിലും എന്നും ഉണ്ടായിരിക്കും. 'ചുട്ടയിലെ ശീലം ചുടലവരെ' എന്ന ചൊല്ല് നിങ്ങൾ കേട്ടിരിക്കുമല്ലോ. അതുകൊണ്ട് കുട്ടികളായ നിങ്ങൾ എഴുത്തും വായനയും അഭ്യസിക്കുന്നതോടൊപ്പം നല്ല ശീലങ്ങളും അഭ്യസിക്കണം. വളർന്നുവലുതാകുമ്പോൾ ഈ ശീലങ്ങൾ നിങ്ങളുടെ ജീവിതത്തെ സന്തോഷപ്രദമാക്കും.

നല്ല ശീലങ്ങളിൽ പ്രഥമസ്ഥാനം മാനുഷിക ഗുണങ്ങളായ സത്യസന്ധത, ആത്മാർത്ഥത, ദയ, പങ്കുവയ്ക്കാനുള്ള മനോഭാവം തുടങ്ങിയവയ്ക്കാണ്. മറ്റുള്ളവർ നമ്മെ പറഞ്ഞ് കബളിപ്പിക്കുകയും നമ്മോട് ദയകാണിക്കാതിരിക്കുകയും മറ്റും ചെയ്യുമ്പോൾ നമുക്ക് സങ്കടം തോന്നുമല്ലോ. അതുപോലെയൊന്നായാണ് നമ്മൾ ഇപ്രകാരം ചെയ്യുമ്പോൾ മറ്റുള്ളവർക്കുണ്ടാകുന്ന അനുഭവം. സത്യസന്ധതയും ആത്മാർത്ഥയുമില്ലാത്ത വ്യക്തികൾ സമൂഹത്തിൽ ആദരിക്കപ്പെടുകയില്ല. മാത്രമല്ല അവയ്ക്കെതിരെ പ്രവർത്തിക്കുന്നത് ദൈവത്തിനെതിരെയുള്ള പാപവും നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന് വിരുദ്ധവുമാണ്.

ക്ലാസിൽ ഒന്നാമത് വരാനുള്ള ആഗ്രഹം നമുക്ക് സ്വാഭാവികമാണ്. എന്നാൽ അതിനായി നാം അദ്ധ്വാനിച്ച് പഠിക്കാതെ കള്ളത്തരങ്ങൾ ചെയ്തും മറ്റുള്ളവരുടെ ഉത്തരങ്ങൾ പരീക്ഷയിൽ നോക്കിയെഴുതിയും അദ്ധ്യാപകരെ സ്വാധീനിച്ചും മറ്റും വിജയം നേടാൻ ശ്രമിക്കുന്നത് വലിയ തെറ്റാണ്. താത്കാലികമായി അതു നമുക്ക് സംതൃപ്തിയും സന്തോഷവും തരുമെങ്കിലും കാലക്രമത്തിൽ കള്ളത്തരങ്ങൾ പുറത്തുവരുകയും നാം അവഹേളിതരാവുകയും ചെയ്യും. മാത്രമല്ല നിങ്ങൾ ആർജ്ജിക്കുന്ന ദുശ്ശീലങ്ങൾ പ്രായമായാലും നിങ്ങളെ വിട്ടുമാറുകയുമില്ല. അതുകൊണ്ട് നിങ്ങളുടെ പഠനകാലത്ത് എഴുത്തും വായനയും അഭ്യസിക്കുകയും വിവിധ വിഷയ

ങ്ങളിൽ അറിവു നേടുകയും ചെയ്യുന്നതോടൊപ്പം നല്ല ശീലങ്ങളും അതുവഴി നല്ല സ്വഭാവവും വളർത്തിയെടുക്കാൻ നിങ്ങൾ പരിശ്രമിക്കുകയും അതിനായി ഈശോയോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം. ഈശോയുടെ കൃപയും അനുഗ്രഹവും നിങ്ങളോടുകൂടെ എന്നും ഉണ്ടാകുമാറാകട്ടെ.

+ മാർ. ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2004 ജൂൺമാസം 1-ാം തീയതി നല്കപ്പെട്ടത്.

---

NB:- ഈ കത്ത് ജൂൺ 6-ാം തീയതി ഞായറാഴ്ച കുട്ടികളുടെ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

--

# Vol. 2

പാസ്റ്ററൽ ലെറ്റർ 2/2004

**Prot. No. 499/2004**

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

## മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ഭാരത കത്തോലിക്കരായ നമ്മെ സംബന്ധിച്ച് രണ്ടു വിധത്തിൽ പ്രാധാന്യമുള്ള ദിവസമാണ് ഓഗസ്റ്റ് 15. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും നമ്മുടെ മാതൃരാജ്യം വിദേശഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയതിന്റെ വാർഷികവും നാമിന്ന് ആചരിക്കുന്നു. ഇത്തരുണത്തിൽ രക്ഷകന്റെ അമ്മയാകുവാൻ സമ്മതം മൂളിയ മറിയത്തെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. കാരണം അവളുടെ സമ്മതമാണ് നാമിന്നു ക്രൈസ്തവരായിരിക്കാനുള്ള മാധ്യമമായി വർത്തിച്ചത്. അതുപോലെ തന്നെ ഭാരതത്തെ വിദേശമേൽക്കോയ്മയിൽ നിന്ന് വിടുവിച്ച് സമൃദ്ധിയും സാഹോദര്യവും പുലരുന്ന രാജ്യമാക്കി മാറ്റാൻ തങ്ങൾക്കുണ്ടായിരുന്നതെല്ലാം ത്യജിച്ചു ജീവൻ പോലും ബലികഴിക്കാൻ തയ്യാറായ നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളേയും അവരെ നയിച്ച നേതാക്കളെയും നന്ദിപൂർവ്വം അനുസ്മരിക്കാം.

പരിശുദ്ധ മറിയം സഭയുടെ പ്രതീകമാണ്. അവൾ രക്ഷകന്റെ വാഹകയായി വർത്തിച്ച് ലോകത്തിന് നൽകിയതുപോലെ സഭയും രക്ഷകനെ വഹിക്കുകയും മാനവരാശി മുഴുവനും രക്ഷ പ്രദാനം ചെയ്യാൻ മാധ്യമമാകുകയും ചെയ്യണം. സഭ എന്നു പറയുന്നത്

ദൈവജനമായ നാം തന്നെയാണ്. അതുകൊണ്ട് നമ്മൾ തന്നെയാണ് ഈ മാധ്യമമായി തീരേണ്ടത്.

തന്റെ ദൗത്യ നിർവ്വഹണത്തിൽ മാതാവിന് നേരിടേണ്ടിവന്ന പ്രതിസന്ധികൾ ഏറെയായിരുന്നു. കേവലമൊരു ഗ്രാമീണ കന്യകയായ താൻ ഇസ്രായേൽ ജനത കാത്തിരുന്ന രക്ഷകന്റെ അമ്മയാകാൻ പോകുന്നു എന്ന അറിയിപ്പു തന്നെ അവിശ്വസനീയമായിരുന്നു. ഭർത്താവിൽനിന്നല്ലാതെ ഗർഭം ധരിച്ചതിന്റെ അവമാനം മറുവശത്ത്. ഭർത്താവിൽ നിന്നെന്നല്ല, യാതൊരു പുരുഷനിൽ നിന്നുമല്ല അത് എന്ന തിരിച്ചറിവ് അവളെ കൂടുതൽ തളർത്തിക്കാണണം; അതിന്റെ പ്രത്യാഘാതങ്ങൾ മുഴുവൻ മറിയത്തിന്റെ മനസ്സിലൂടെ നിമിഷംകൊണ്ട് മിന്നി മറഞ്ഞു കാണും - പരസ്യമായി ചന്തസ്ഥലത്തു വച്ച് കല്ലെറിഞ്ഞു കൊല്ലപ്പെടുകയാണത്. വിവരങ്ങളെല്ലാം തന്നോടു പറഞ്ഞ മാലാഖയോട് ഒരു വാദപ്രതിവാദത്തിനു തന്നെ അവൾ മുതിരുന്നു. അവസാനം മറിയം തനിയ്ക്കു മനസ്സിലാകാത്ത ആ ദൗത്യം എല്ലാം ദൈവത്തിലർപ്പിച്ചുകൊണ്ട് ഏറ്റെടുത്തു. അവൾ പറഞ്ഞു: 'ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്കു പോലെ എന്നിൽ ഭവിക്കട്ടെ'.

രക്ഷകന്റെ അമ്മയാകാനുള്ള ക്ഷണം മറിയം നിരസിച്ചിരുന്നുവെങ്കിൽ ദൈവത്തിന് വേറെ വഴി തേടാമായിരുന്നു എന്നതു ശരി തന്നെ. എങ്കിലും അത് തേടേണ്ടി വന്നില്ല. അവളതു സമ്മതിച്ചു. മറിയത്തിന് ഇക്കാര്യത്തിൽ പല തരത്തിൽ പ്രതികരിക്കാമായിരുന്നു. ദൈവമേ നീയെന്തിന് ഇങ്ങനെയൊരു വഴി തെരഞ്ഞെടുത്തു? എന്നെ അവമാനപാത്രമാക്കാനും കല്ലെറിഞ്ഞു കൊല്ലപ്പെടാൻ ഏൽപ്പിക്കാനുമോ? അവൾ അപ്രകാരം ചോദിച്ചില്ല. അവമാനം നീക്കിക്കളയാൻ തന്റെയുള്ളിൽ വളർന്നുവന്ന കുഞ്ഞിനെ നശിപ്പിക്കാമായിരുന്നു. അതുമവൾ ചെയ്തില്ല. ആത്മഹത്യ ചെയ്യാനും അവൾ മുതിർന്നില്ല. മറിയം അനുഭവിച്ച അവമാനത്തിന്റെയും സഹനത്തിന്റെയും ഫലമാണ് നാം അനുഭവിക്കുന്ന ക്രൈസ്തവ ജീവിതം.

ഇന്ന് വളർന്നുവരുന്ന വ്യക്തി സൗകര്യസംസ്കാരത്തിനും ദൈവാശ്രയബോധമില്ലായ്മയ്ക്കുമെതിരെ ഒരു വെല്ലുവിളിയായി മാതാവ് നിലകൊള്ളുന്നു. അമിതമായ വ്യക്തി സൗകര്യ സംസ്കാരം നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുമ്പോൾ

ദൈവാശ്രയബോധമില്ലായ്മ നിരാശയിലും ആത്മഹത്യയിലും ശിശുഹത്യയിലും മനുഷ്യനെ കൊണ്ടെത്തിക്കുന്നു. തന്റെ കുഞ്ഞിന്റെ ജീവരക്ഷാർത്ഥം സ്വന്തക്കാരും പരിചയക്കാരുമില്ലാത്ത ഈജിപ്തിലേക്ക് പലായനം ചെയ്യുന്ന മറിയം, നാമോരോരുത്തരോടും നമ്മുടെ സൗകര്യം മാത്രം നോക്കിയാൽ പോരാ എന്ന വസ്തുത ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ വഴികൾ പലപ്പോഴും മനുഷ്യന് അജ്ഞാതമാണെന്നും അതിനോട് സർവ്വാത്മനാ സഹകരിക്കുകയാണ് വേണ്ടതെന്നും മാതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ആത്മഹത്യ ഒരു പ്രശ്നവും പരിഹരിക്കുന്നില്ല, അത് ദൈവത്തിനെതിരായ പാപമാണ്. മാത്രമല്ല ജീവിച്ചിരിക്കുന്ന സ്വന്തക്കാർക്കും ബന്ധുക്കൾക്കും അത് ഒരിക്കലും മറക്കാനും മായിച്ചു കളയാനും സാധിക്കാത്ത ദുഃഖത്തിനും അപമാനത്തിനും കാരണമാകുകയും ചെയ്യുന്നു.

ഏതൊരമ്മയുടെയും ആഗ്രഹമാണ് സ്വന്തം മകന്റെ മടിയിൽ തലവെച്ചു മരിക്കുക എന്നത്. എന്നാൽ മറിയത്തിന്റെ കാര്യത്തിൽ നേരെ മറിച്ചാണ് ദൈവം തീരുമാനിച്ചത്. യൗവ്വനയുക്തനായ തന്റെ ഓമന മകന്റെ മൃതദേഹം സ്വന്തം മടിയിൽ കിടത്താനുള്ള ഭാഗ്യമാണ് ആ അമ്മയ്ക്ക് ലഭിച്ചത്. അതും ഏറ്റം ഹീനമായ ശിക്ഷാവിധിയിലൂടെ ലഭിച്ച മരണത്തിനുശേഷം. ഇന്ന് പരിശുദ്ധ അമ്മ നമുക്ക് നൽകുന്ന പാഠമിതാണ്: യാതൊരു തരത്തിലുള്ള ദുരന്തങ്ങൾക്കും നമ്മുടെ ഉള്ളിലുള്ള ദൈവത്തെയും ദൈവാശ്രയബോധത്തെയും നശിപ്പിക്കാൻ നാം അവസരം കൊടുക്കരുത്.

നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം കൂടിയാണല്ലോ ഓഗസ്റ്റ് 15. ബ്രിട്ടീഷുകാരുടെ വരവിനുമുമ്പ് ഇന്ത്യ എന്നൊരു ഉപഭൂഖണ്ഡമുണ്ടായിരുന്നെങ്കിലും ആ പേരിൽ ഈ രാജ്യമുണ്ടായിരുന്നില്ല. ചെറുതും വലുതുമായി ഈ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിരുന്ന രാജ്യങ്ങളുടെ മേൽക്കോയ്മയാണ് ബ്രിട്ടീഷുകാർ കരസ്ഥമാക്കിയത്. ഈ രാജ്യങ്ങളിൽ ഉണ്ടായിരുന്ന ജനങ്ങളെ ഇന്ത്യക്കാരെന്ന ഒരേ കുടക്കീഴിൽ അണിനിരത്തി സ്വാതന്ത്ര്യത്തിനായി പോരാടാൻ പ്രേരിപ്പിച്ച മഹാത്മാക്കളിൽ പ്രധാനസ്ഥാനം നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിക്കാണ്. ഭാരതജനതയുടെ മോചനത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ അദ്ദേഹം തയ്യാറാ

യിരുന്നു. ആയുധമേന്തിയ സമരം കൂടുതൽ അസ്വാതന്ത്ര്യത്തിലേക്കു നയിക്കും എന്ന് മനസ്സിലാക്കിയിട്ടാണ് അദ്ദേഹം സത്യാഗ്രഹം എന്ന പുതിയ സമരമുറ ആവിഷ്കരിച്ചത്. വിദേശ ഭരണാധികാരികളെ ശത്രുക്കളായി കണ്ട് ആയുധമുപയോഗിച്ച് അവരെ കൊന്നൊടുക്കി സ്വാതന്ത്ര്യം നേടുന്നതിനോട് അദ്ദേഹത്തിന് യോജിപ്പില്ലായിരുന്നു. തന്റെ അനുയായികൾ അക്രമമാർഗ്ഗ പാതയിലേക്ക് തിരിയുമ്പോൾ പ്രതിഷേധാർത്ഥം ഈ പ്രസ്ഥാനത്തിൽ നിന്ന് തന്നെ പിൻമാറുമെന്ന് അദ്ദേഹം പറഞ്ഞു. സകല മനുഷ്യരും സമൃദ്ധിയിലും സാഹോദര്യത്തിലും ശാന്തിയിലും സമാധാനത്തിലും ജീവിക്കുന്നൊരു രാജ്യക്രമമാണ് അദ്ദേഹം വിഭാവനം ചെയ്തത്. അവിടെ താനെന്ന വ്യക്തി ആരെങ്കിലുമാണെന്നോ ആകണമെന്നോ അദ്ദേഹം ആഗ്രഹിച്ചില്ല. സ്വാർത്ഥമോഹങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു.

ഇവിടെ പുലരണമെന്ന് ഗാന്ധിജിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ആഗ്രഹിച്ച സമത്വസുന്ദരവും സമാധാനപൂർണ്ണവുമായ ആ രാഷ്ട്രക്രമം ഇന്നും നമുക്ക് കേവലമൊരു സ്വപ്നമായി നിലകൊള്ളുകയാണ്. അഴിമതിയിലും കൈക്കൂലിയിലും അക്രമത്തിലും മുങ്ങിത്താഴുന്നൊരു രാജ്യമാണ് ഇന്ന് ഭാരതം. ഈ വർഷത്തെ സ്വാതന്ത്ര്യദിനം നാമാഘോഷിക്കുന്നത് അഴിമതിയും കൈക്കൂലിയും അക്രമവും നമ്മുടെ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യും എന്ന് പ്രതിജ്ഞയെടുത്തുകൊണ്ടായിരിക്കട്ടെ. കൈക്കൂലി കൊടുക്കുകയോ വാങ്ങുകയോ ഇല്ല എന്ന് ഓരോ ഭാരതീയനും തീരുമാനിച്ച് അതിന്റെ പ്രത്യാഘാതങ്ങൾ സഹിക്കാൻ തയ്യാറാകണം. താത്കാലികമായി അത് അസൗകര്യങ്ങൾ സൃഷ്ടിക്കുമെങ്കിലും ആത്യന്തികമായി ഗുണകരമാകുകയേയുള്ളൂ. ഒരു രാജ്യമാണ് അതിലൂടെ രക്ഷപ്പെടുന്നത്. കൈക്കൂലിയും അഴിമതിയും കത്തോലിക്കരെ സംബന്ധിച്ച് ഒരു പാപമാണെന്നുകൂടി നാം മനസ്സിലാക്കണം. ഭാരതക്രൈസ്തവർക്ക് ചെയ്യാൻ പറ്റുന്ന വലിയൊരു സേവനമായിരിക്കും കൈക്കൂലിയും അഴിമതിയും ഇല്ലായ്മ ചെയ്യൽ.

ജോലിയെടുക്കാതെ പണം സമ്പാദിക്കാനുള്ള ആഗ്രഹത്തിന്റെ ഫലമാണ് അഴിമതിയും കൈക്കൂലിയും. അതുകൊണ്ട് അലസത മാറ്റി ഏതുജോലിയെയും മാന്യമായി കരുതി വിശ്വസ്തതയോടെ അതുചെയ്യാനും ധനം സമ്പാദിക്കാനും നാം തയ്യാറായാൽ ഭാരതത്തിന് ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ എത്താൻ അധികസമ

യമൊന്നും വേണ്ടി വരില്ല. കൊച്ചു രാജ്യങ്ങളായ ജർമ്മനിയും ജപ്പാനും ഇന്ന് ലോകസാമ്പത്തിക ശക്തികളായിരിക്കുന്നത് അവരുടെ തൊഴിലിനോടുള്ള ആഭിമുഖ്യംകൊണ്ടാണ്. ചെറുതെന്നോ വലുതെന്നോ മാന്യമെന്നോ മാന്യതക്കുറഞ്ഞതെന്നോ ഉള്ള വ്യത്യാസം കൂടാതെ ഏതുജോലിയും നാം ചെയ്യാൻ തയ്യാറായാൽ നമുക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. തൊഴിലിനുവേണ്ടി സർക്കാരിന്റെ പദ്ധതികൾ കാത്തിരിക്കാതെ നമുക്കുള്ളതുകൊണ്ട് ശാസ്ത്രീയമായി ജോലിചെയ്ത് പരമാവധി ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയണം. ഒരു കാർഷിക രാജ്യമായ ഭാരതം പുരോഗമിക്കണമെങ്കിൽ നാം അലസതവെടിഞ്ഞ് അദ്ധ്വാനിക്കുകയും നൂതനവും ശാസ്ത്രീയവും പ്രകൃതിക്കിണങ്ങിയതുമായ കൃഷിരീതികളിലേക്ക് തിരിയുകയും വേണം. സാമ്പത്തികമായി സമൃദ്ധിയുണ്ടാകുമ്പോൾ അഴിമതിയും കൈക്കൂലിയും അക്രമവും താനേ കുറയും.

പരിശുദ്ധ അമ്മയുടെ സഹനശക്തിയും ദൈവാശ്രയബോധവും നമ്മുടെ സ്വാതന്ത്ര്യസമര നേതാക്കളുടെ വിശാലവും ഉന്നതവുമായ ആദർശങ്ങളും രാഷ്ട്രവീക്ഷണവും നമുക്കെല്ലാവർക്കും ഉണ്ടാകട്ടെയെന്ന് ഞാൻ ഹൃദയപൂർവ്വം ആഗ്രഹിക്കുകയും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തിനാലാമാണ്ട് ഓഗസ്റ്റു മാസം ഒന്നാം തീയതി നൽകപ്പെട്ടത്.

+

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB :- ഈ ഇടയലേഖനം 2004-മാണ്ട് ഓഗസ്റ്റ് മാസം 15-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

• • • • • •

# Vol. 3

**Circular Letter No. 1/2004.**

**Prot. No. 231/2004**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഇക്കഴിഞ്ഞ നാളുകളിൽ നമ്മുടെ രൂപതയുടെ വിവിധഭാഗങ്ങളിലായി കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും ചുഴലിക്കാറ്റിലുംപെട്ട് ആളുകൾ മരിച്ചതിനെപ്പറ്റിയും വീടും, കൃഷികളും, കൃഷിസ്ഥലങ്ങളും നഷ്ടപ്പെട്ടതിനെപ്പറ്റിയും നിങ്ങൾ മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞുകാണുമല്ലോ. കണ്ണൂർ ജില്ലയിൽപെട്ട ചുങ്കക്കുന്ന്, കൊട്ടിയൂർ, അമ്പായത്തോട്, പാൽചുരം, ഒറ്റപ്ലാവ്, അടക്കാത്തോട് എന്നീ ഇടവകാതിർത്തിക്കുള്ളിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. 25 വീടുകൾ പൂർണ്ണമായും 37 എണ്ണം ഭാഗികമായും തകരുകയും 50 ഹെക്ടറോളം കൃഷിഭൂമി വെള്ളത്തിൽ ഒലിച്ചുപോകുകയും ചെയ്തിട്ടുണ്ട്. ഇവയുടെ ഉടമസ്ഥരിൽ പലരും അഞ്ചും പത്തും സെന്റ് ഭൂമി മാത്രം ഉണ്ടായിരുന്നവരാണ്. ചില കുടുംബങ്ങളിൽ നിന്ന് ആളുകൾ പരിക്കേറ്റ് ആശുപത്രികളിലും കഴിയുന്നുണ്ട്.

വയനാട് ജില്ലയിൽ മാനന്തവാടിയിലും പരിസരങ്ങളിലുമാണ് ഏറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. ഇതിൽ ഏറിയപങ്കും വെള്ളം പൊങ്ങിയതിനാൽ വീടുകളും കൃഷിയും ഒലിച്ചുപോയി ഉണ്ടായ നഷ്ടങ്ങളാണ്. ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആത്മശാന്തി നൽകണമെന്നും അവരുടെ ബന്ധുമിത്രങ്ങളെ ആശ്വസിപ്പിക്കണമെന്നും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. അതുപോലെ തന്നെ എല്ലാം നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങൾക്ക് ദൈവത്തിലാശ്രയിച്ച് മുമ്പോട്ടു പോകുവാനുള്ള ശക്തികൊടുക്കണമെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

ഉരുൾപൊട്ടലിനെയും, വെള്ളപ്പൊക്കത്തെയും തുടർന്ന് അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂൾ, അമ്പായത്തോട് കമ്മ്യൂണിറ്റി ഹാൾ, ഒറ്റപ്ലാവ് പള്ളി, മാനന്തവാടി ഗവ. ഹൈസ്കൂൾ,

ന്യൂമാൻസ് കോളേജ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ആളുകളെ മാറ്റി പാർപ്പിക്കുകയും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും ചെയ്തു. ഇതിനു പുറമെ ബന്ധുവീടുകളിലും മറ്റുമായി വളരെപ്പേർ അഭയം തേടി. മഴകുറഞ്ഞതിനെതുടർന്ന് ഭാഗികമായെങ്കിലും വീടുള്ളവർ സ്വന്തം വീടുകളിലേക്ക് മടങ്ങിപ്പോയിട്ടുണ്ട്. എന്നാൽ എല്ലാം നഷ്ടപ്പെട്ടവർ എന്തുചെയ്യണമെന്ന് അറിയാതെ വിഷമിക്കുകയാണ്.

പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ക്യാമ്പുകളിൽ അവശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ സന്നദ്ധ സംഘടനകളും രൂപതയും മുന്നിൽത്തന്നെയുണ്ടായിരുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ദീർഘകാല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കാനുമായി ചുങ്കക്കുന്ന് പ്രദേശത്തുള്ള പ്രാദേശിക രാഷ്ട്രീയ നേതൃത്വവും, ഉദ്യോഗസ്ഥന്മാരും, സംഘടനാ പ്രതിനിധികളും സഭാപ്രതിനിധികളും അടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വന്തം പൗരന്മാരെ സംരക്ഷിക്കുക ഏതൊരു സർക്കാരിന്റെയും കടമയാണല്ലോ. നമ്മുടെ സർക്കാർ വേണ്ട താല്പര്യമെടുത്ത് കാലവിളംബം വരുത്താതെ ഇക്കാര്യത്തിൽ വേണ്ടത് ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. സർക്കാരിന്റെ സഹകരണമില്ലാതെ മേൽപറഞ്ഞ കമ്മിറ്റിക്ക് കാര്യമായൊന്നും ചെയ്യാൻ സാധിക്കുകയില്ല.

ദുരിതാശ്വാസ ക്യാമ്പുകൾ മിക്കതും തന്നെ ഞാൻ വ്യക്തിപരമായി സന്ദർശിക്കുകയും ആവശ്യമായ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനും പുറമേ ആളുകളുമായി സംസാരിക്കുകയും അവരുടെ ആവശ്യങ്ങൾ മനസിലാക്കി പായ, പുതപ്പ്, വസ്ത്രങ്ങൾ, സോപ്പ് തുടങ്ങിയവ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ചില സന്യാസ സമൂഹങ്ങളും ഇടവകകളും ഇപ്രകാരം ചെയ്യുകയുണ്ടായി. ഏകദേശം ഒരു ലക്ഷത്തോളം രൂപയുടെ സാധനങ്ങൾ നാം ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

താല്ക്കാലിക ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവസാനിച്ച സ്ഥിതിക്ക് ദീർഘകാല സഹായങ്ങളിലേയ്ക്കാണ് നാം ഇനി ശ്രദ്ധിക്കേണ്ടത്. സ്ഥലം നഷ്ടപ്പെട്ടവർക്ക് കിടപ്പാടത്തിനുള്ള സ്ഥലമെങ്കിലും വാങ്ങിച്ച് വീടുവയ്ക്കാനുള്ള സാഹചര്യം നാം ഒരുക്കേ

ണ്ടിയിരിക്കുന്നു. വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുവാനുള്ള സഹായവും നാം നല്കണം. അതിനായി നിങ്ങളുടെ സഹായസഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്.

രണ്ടു തരത്തിൽ നിങ്ങൾക്ക് നമ്മുടെ ഈ സഹോദരങ്ങളെ സഹായിക്കാം: ഒന്നാമതായി താൽപര്യമുള്ള ഇടവകകൾ, സംഘടനകൾ, സന്യാസ സമൂഹങ്ങൾ, വ്യക്തികൾ എന്നിവർക്ക് ഏതെങ്കിലും കുടുംബത്തെ ദത്തെടുത്ത് അവർക്കാവശ്യമായത് നേരിട്ട് എത്തിച്ചു കൊടുക്കാം. ആവശ്യമായ വിവരങ്ങൾ ലഭിക്കാൻ ചുങ്കക്കുന്ന് ഫൊറോനപള്ളി വികാരിയച്ചനെ സമീപിച്ചാൽ മതി. (വിലാസം : Fathima Matha Forane Church, Chungakunnu P.O., Kelakam, 670 674; Tel: 0490-2412150). രണ്ടാമത്തെ മാർഗ്ഗം രൂപത സമാഹരിക്കാനുദ്ദേശിക്കുന്ന ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുക എന്നതാണ്. ഇതിനായി 2004 ഓഗസ്റ്റ് മാസം 22-ാം തീയതി ഞായറാഴ്ചത്തെ പൊതുപിരിവിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുക. ഇടവകാതിർത്തിയിലുള്ള വിവിധ സംഘടനകൾ, പ്രസ്ഥാനങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയ്ക്കും ഇതിൽ പങ്കുചേരാവുന്നതാണ്. അന്നു പിരിഞ്ഞു കിട്ടുന്ന തുക ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എത്രയുംവേഗം രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കേണ്ടതാണ്. ആ തുക വീടും കൃഷി ഭൂമിയും നഷ്ടപ്പെട്ടവർക്ക് വീതിച്ചു നൽകുന്നതാണ്. നിങ്ങളുടെ സഹകരണത്തിന് മുൻകൂട്ടിത്തന്നെ ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2004-ാം മാണ്ട് ഓഗസ്റ്റ് മാസം 10-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം

മാനന്തവാടി രൂപതയുടെ മെത്രാൻ

# Vol. 4

**Circular Letter No. 3/2004.**
**Prot. No. 920/2004**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട

പ്രിയ സഹോദരീ സഹോദരന്മാരേ,

കോഴിക്കോട് ഒളവണ്ണ മാമ്പുഴക്കാട് കോളനിയിൽ ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന മിഷണറീസ് ഓഫ് ചാരിറ്റി സഭാംഗങ്ങളെയും അവരുടെ സഹപ്രവർത്തകരെയും ചിലർ ആസൂത്രിതമായി സംഘം ചേർന്ന് ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ച വിവരം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. വാഴ്ത്തപ്പെട്ട മദർ തെരേസ സ്ഥാപിച്ച സമർപ്പിത സമൂഹമാണ് മിഷണറീസ് ഓഫ് ചാരിറ്റി. ലോകമെങ്ങും വിവിധ രാജ്യങ്ങളിലായി അനേകം സഭാംഗങ്ങൾ ഇങ്ങനെ സേവനം ചെയ്തിട്ടുണ്ട്. എന്നാൽ കടുത്ത കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും മതതീവ്രവാദ രാജ്യങ്ങളിലും പോലും നടക്കാത്ത ഹീനകൃത്യമാണ് മതസൗഹാർദ്ദതയ്ക്ക് പേരുകേട്ട നമ്മുടെ നാട്ടിൽ അവർക്കെതിരെ ഉണ്ടായിട്ടുള്ളത്.

ഈ അക്രമം കേവലം ഏതാനും സന്യാസ സഭാംഗങ്ങൾക്ക് എതിരെ എന്നതിലുപരി നമുക്കെതിരെയുള്ള ഒന്നായി നാം കാണണം. നന്മ ചെയ്യുന്നവരെ ഉപദ്രവിക്കുന്നത് വലിയ ധർമ്മച്യുതിയുടെ അടയാളമാണ്. തിന്മയുടെ സ്വാധീനം ഏറി വരുന്നു എന്നാണത് കാണിക്കുന്നത്. ഇങ്ങനെ പോയാലുണ്ടാകാവുന്ന അപകടം ഭയാനകമായിരിക്കും. മാമ്പുഴക്കോളനിയിൽ നടന്നത് നമ്മുടെ പരിസരത്തും നടന്നുകൂടെന്നില്ല. നമ്മനാട്ടിലെ ചില സർക്കാരാശുപത്രികളിലും മറ്റും സൗജന്യമായി ഭക്ഷണവിതരണം നടത്തുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്കെതിരെയും ഇത്തരത്തിലുള്ള ഭീഷണികൾ ഉയർന്നു വന്നിട്ടുള്ളതായി അറിയുന്നു. ഇതിനെതിരെ സർക്കാർ ജാഗരൂകമാകുകയും ഭീഷണിപ്പെടുത്തുന്നവരുടെ ഉദ്ദേശ്യം നാം തിരിച്ചറിയുകയും വേണം. കുത്സിതമാർഗ്ഗങ്ങളിലൂടെ അധികാര സ്ഥാനങ്ങളിലെത്താനും അശക്തരെയും അശരണരെയും അടിച്ചമർത്താനുമുള്ള ഹീനമായ ഒരു ശ്രമമാണിത്.

തിന്മയുടെ ശക്തികൾക്കെതിരെ തിന്മകൊണ്ട് പ്രതികരിക്കുക ക്രൈസ്തവ ധർമ്മമല്ല. ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടു കൂടി കാണിച്ചുകൊടുക്കുവാനാണ് നമ്മുടെ ദിവ്യഗുരു നമ്മെ ഉപദേശി

ചിട്ടുള്ളത്. പച്ചമരമായ യേശുവിനോട് ചെയ്തതിലധികമായി ഉണക്കമരങ്ങളായ തന്റെ അനുയായികളോട് ചെയ്യും എന്ന് അവിടുന്ന് മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. എങ്കിലും അവസാന വിജയം നന്മയുടെ ഭാഗത്തുതന്നെയായിരിക്കും. കാരണം യേശു നമ്മോടു കൂടെയുണ്ട്. ആക്രമണങ്ങളെ ഭയന്ന് നാമൊരിക്കലും നഷ്ടധൈര്യരാകരുത്. നന്മ ചെയ്യുന്നതിൽ നിന്ന് പിന്നോട്ട് പോകുകയുമരുത്. അതിനെ മതം മാറ്റാനുള്ള ശ്രമമെന്ന് ആരെങ്കിലുമൊക്കെ വിളിച്ചെന്നു വരാം. പാവങ്ങളുടെ പക്ഷം ചേരലും സാധുജനസേവനവും ക്രൈസ്തവ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നതിനാൽ അത്തരം ആരോപണങ്ങളെ നാം കാര്യമായി എടുക്കേണ്ടതില്ല.

കോഴിക്കോട് ആക്രമത്തിനിരയായ സഹോദരീസഹോദരന്മാരോട് നമുക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അവരുടെ വേദനയിൽ പങ്കുചേരുകയും ചെയ്യാം. അതോടൊപ്പം അക്രമികളുടെ മനസ്സു തിരിയാനും അവർ തെറ്റു തിരിച്ചറിഞ്ഞ് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും വക്താക്കളായി മാറാനും നമുക്ക് പ്രാർത്ഥിക്കാം. ഇതിനായി ഒക്ടോബർ മൂന്നാം തീയതി ഞായറാഴ്ച നമ്മുടെ ഇടവകകളിൽ പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കൊന്തനമസ്കാരം ആരംഭിച്ച ഇടവകകളിൽ അന്നേ ദിവസത്തെ കൊന്ത ഈ നിയോഗത്തിൽ ചൊല്ലണം. അല്ലാത്ത ഇടവകകളിൽ അന്നേ ദിവസം സൗകര്യപ്രദമായ സമയത്ത് വിശ്വാസികൾ ഒരുമിച്ചു കൂടി കൊന്ത ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതാണ്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടാകുമാറാകട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2004 സെപ്തംബർ മാസം 29-ാം തീയതി നൽകപ്പെട്ടത്.

+

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

---

NB : ഈ സർക്കുലർ ഒക്ടോബർമാസം 3-ാം തീയതി ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

**Circular Letter No. 2/2004.**

**Prot. No. 900/2004**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട

പ്രിയ സഹോദരീ സഹോദരന്മാരേ,

2004 ഒക്ടോബർ 10 മുതൽ ഒരു വർഷത്തേയ്ക്ക് ദിവ്യകാരുണ്യ വർഷമായി ആചരിക്കണമെന്ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ആവശ്യപ്പെട്ടിട്ടുള്ളത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. വി. കുർബാന കേന്ദ്രീകൃതമായ ക്രൈസ്തവജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയാണ് മാർപാപ്പ ഇതിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പുതിയ മെത്രാന്മാർക്കായി സെപ്തംബർ രണ്ടാം വാരത്തിൽ റോമിൽ നടന്ന സെമിനാറിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തപ്പോഴും അദ്ദേഹം ഇക്കാര്യം എടുത്തു പറയുകയുണ്ടായി. അൾത്താരയ്ക്കു ചുറ്റുമാണ് ക്രിസ്തീയ പരസ്നേഹം ശക്തിപ്രാപിക്കേണ്ടതെന്നും തങ്ങളെല്ലാവരും ഒരൊറ്റ ദൈവജനത്തിന്റെ ഭാഗമാണ് എന്ന ചിന്ത വിശ്വാസികളിൽ രൂഢമൂലമാകണമെന്നും അദ്ദേഹം പറഞ്ഞു.

നമ്മുടെ രൂപതയിലും ദിവ്യകാരുണ്യ വർഷത്തിന്റെ ഉദ്ഘാടനം പ്രത്യേകമായി ആചരിക്കുകയും വർഷം മുഴുവൻ പ്രാർത്ഥനായജ്ഞങ്ങളും ബോധവത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്യേണ്ടതുണ്ട്. ഇതേ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും. ഉദ്ഘാടനദിവസമായ ഒക്ടോബർ 10-ന് ഞായറാഴ്ച ആദ്യത്തെ കുർബ്ബാനയ്ക്കു മുമ്പ് ഒരു മണിക്കൂർ വിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചുവെച്ച് ആരാധന നടത്തേണ്ടതും തുടർന്നുവരുന്ന കുർബാന മധ്യേ വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ക്രൈസ്തവജീവിതം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യക

തയെപ്പറ്റി ബഹുമാനപ്പെട്ട വൈദികർ പ്രസംഗിക്കേണ്ടതുമാണ്. സാധ്യമാകുന്നിടത്തോളം എല്ലാവരും വി. കുർബാനയിലുള്ള ദൈനംദിന ഭാഗഭാഗിത്വം ഉറപ്പുവരുത്തുകയും വി. കുർബാനയോടുള്ള ഭക്തിയിൽ വളരാൻ ശ്രമിക്കേണ്ടതുമാണ്. ദിവ്യകാരുണ്യനാഥൻ നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2004 സെപ്റ്റംബർ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

---

NB :- ഈ സർക്കുലർ ഒക്ടോബർ 10-ന് ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതും തുടർന്ന് വി. കുർബാനയെ കേന്ദ്രീകരിച്ച് പ്രസംഗിക്കേണ്ടതുമാണ്.

# Vol. 5

**Circular Letter No. 4/2004.**
**Prot. No. 1058/2004**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ഇടവക ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണല്ലോ വിശുദ്ധരുടെ തിരുനാളാഘോഷങ്ങളും വാർഷികം, ജൂബിലി തുടങ്ങിയവയോടനുബന്ധിച്ചുള്ള ആഘോഷങ്ങളും. ഒരു സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യജീവിതത്തിൽ ആഘോഷങ്ങൾക്ക് അവയുടേതായ സ്ഥാനമുണ്ട്. പരസ്പര സഹകരണവും കൂട്ടായ്മയും വർദ്ധിപ്പിക്കുവാനും ഒരുമിച്ചു കൂടി സന്തോഷിക്കുവാനുമുള്ള അവസരങ്ങളാണത്. അതേസമയം ഒരു ആധ്യാത്മിക സമൂഹമെന്നനിലയിൽ സഭയിലെ ആഘോഷങ്ങൾക്ക് ഒരു ആത്മീയവശമുണ്ട്. ആത്യന്തികമായി അവയുടെ ലക്ഷ്യം വിശ്വാസികളുടെ ആധ്യാത്മികോന്നമനമാണ്. അതുകൊണ്ട് സഭാജീവിതത്തിലെ ആഘോഷങ്ങൾ സംഘടിപ്പിക്കുകയും അവയെ വിലയിരുത്തുകയും ചെയ്യുമ്പോൾ അവ ദൈവജനത്തിന്റെ ആധ്യാത്മികമായ പുരോഗതിക്ക് നിദാനമാകുന്നുണ്ടോ എന്ന് പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ ഇടവകാഘോഷങ്ങൾ ഇപ്രകാരം ആധ്യാത്മികമായ കാഴ്ചപ്പാടില്ലാതെ നടത്തപ്പെടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഇടവക തിരുനാളുകൾ എന്തിനാണെന്നുള്ളതിനെപ്പറ്റിയുള്ള അജ്ഞതയായിരിക്കാം അതിനു പ്രധാന കാരണം. ഇക്കാരണത്തിൽ തിരുനാളുകളുടെ ആധ്യാത്മികവശം നശിപ്പിക്കുന്നതിനും അതിലുപരി ഉതപ്പിന് കാരണമാകുന്നതുമായ ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. തിരുനാളുകൾ നടത്തുന്നതിനെപ്പറ്റി ആലോചനകൾ നടത്തുന്ന അവസരമാണല്ലോ ഇപ്പോൾ. എന്റെ ഈ നിർദ്ദേശങ്ങൾ നിങ്ങൾ സജീവമായി പരിഗണിക്കുകയും ക്രിയാത്മ

കമായി നടപ്പിലാക്കുകയും ചെയ്യണം എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഒന്നാമതായി നാം ചിന്തിക്കേണ്ടത് വൻതുകകൾ മുടക്കി തിരുനാളാഘോഷങ്ങളും വാർഷികാഘോഷങ്ങളും മറ്റും നടത്തണമോ എന്നതാണ്. സാന്ദർഭികമായി സൂചിപ്പിക്കട്ടെ, പൗരോഹിത്യസ്വീകരണം, പട്ടത്തിന്റെയും സന്യസ്തരുടെ വ്രതവാഗ്ദാനത്തിന്റെയും ജൂബിലികൾ, വിവാഹം, മാമ്മോദീസ, ആദ്യകുർബാന സ്വീകരണം എന്നിവയോടനുബന്ധിച്ചുള്ള ആഘോഷങ്ങളെപ്പറ്റിയും ഇതേ ചോദ്യം തന്നെ ചോദിക്കാവുന്നതാണ്. ഇടവകയ്ക്ക് പണമുണ്ടെന്നതോ, ആളുകൾ കൊടുക്കാൻ തയ്യാറാണെന്നതോ, സ്പോൺസർമാരെ കിട്ടുമെന്നതോ വൻ തുകകൾ മുടക്കാൻ ന്യായീകരണമാകുന്നില്ല. ദൈവത്തിന്റെ ദാനമായ സമ്പത്തിന്റെ ദുരുപയോഗമാണത്. അതിനാൽത്തന്നെ അത് പാപവും വലിയ തെറ്റുമാണ്.

സമൂഹമെന്ന നിലയിലും വ്യക്തികളെന്ന നിലയിലും ദരിദ്രമായ ഒരു സമൂഹത്തിലാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നത് തെറ്റിന്റെ തോത് വർദ്ധിപ്പിക്കുന്നു. ഇടവകാഘോഷങ്ങൾക്ക് നിർബന്ധപൂർവ്വം പിരിവു നടത്തുകയും കൊടുക്കാത്തവരുടെ പേരിൽ കുടിശ്ശിക എഴുതിയിടുകയും ചെയ്യുന്ന പതിവും ഉണ്ടല്ലോ. അത് ഇടവക കൂട്ടായ്മയുടെ ശൈഥില്യത്തിന് കാരണമാകുന്നു എന്നതും വസ്തുതയാണ്.

അതുകൊണ്ട് നമ്മുടെ തിരുനാളാഘോഷങ്ങൾ ആർഭാടരഹിതവും ആത്മീയോന്നമനത്തിന് നിദാനമാകുന്നതും ആകട്ടെ എന്നാണെന്റെ ആശംസയും അഭ്യർത്ഥനയും. അതിനേറ്റവും ആവശ്യം തിരുനാളാഘോഷത്തിന്റെ ക്രൈസ്തവമാനത്തെപ്പറ്റിയുള്ള ബോധ്യമാണ്. ആ ബോധ്യത്തിൽ നിന്നാണ് മറ്റു പ്രായോഗിക തീരുമാനങ്ങൾ ഉരുത്തിരിയേണ്ടത്. തിരുനാളുകളെപ്പറ്റി ആലോചിക്കാൻ പൊതുയോഗങ്ങൾ നടത്തുന്ന അവസരമാണല്ലോ ഇത്. ആലോചനകളിൽ എന്റെ ഈ അഭ്യർത്ഥനയ്ക്ക് നിങ്ങൾ മുൻതൂക്കം കൊടുക്കും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ. ആഘോഷങ്ങൾക്കായി ചെറിയൊരു തുക മാത്രം നിശ്ചയിക്കുകയും അത്

നിർബന്ധമില്ലാതെ കിട്ടത്തക്ക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ആഘോഷങ്ങൾക്കുവേണ്ടി പള്ളിയിൽ നിന്നും ചെലവാക്കുകയും അഥവാ കടം വാങ്ങി ചെലവാക്കുകയും ചെയ്യാനുള്ള പ്രവണതയും മാറേണ്ടതുണ്ട്.

ദിവ്യകാരുണ്യവർഷമാണല്ലോ ഇത്. പങ്കുവയ്ക്കലാണ് ദിവ്യകാരുണ്യം നമുക്കു തരുന്ന വലിയൊരു സന്ദേശം. മർത്യകുലത്തിനു വേണ്ടി സ്വയം പങ്കുവയ്ക്കുകയാണ് ഈശോ ചെയ്തത്. അവിടുത്തെ അനുയായികളായ നമുക്കും ചെയ്യാനുള്ളത് ഇതുതന്നെയാണ്. സാമ്പത്തികമായി ദാരിദ്ര്യമനുഭവിക്കുന്ന നമ്മുടെ സമൂഹത്തിൽ ഈ ചിന്തയ്ക്ക് വലിയ സ്ഥാനമുണ്ട്. ഇടവകകൾക്കോ വ്യക്തികൾക്കോ സമ്പത്ത് ആവശ്യത്തിലധികമുണ്ടെങ്കിൽ അവയിലൊരംശമെങ്കിലും ഇല്ലാത്തവരുമായി പങ്കുവയ്ക്കണം. അനുദിന ചെലവുകൾക്കുപോലും നിവൃത്തിയില്ലാത്ത അനേകം ഇടവകകൾ നമ്മുടെ രൂപതയിലുണ്ട്. സമ്പന്നമായ ഇടവകകൾ അത്തരം ഇടവകകളെ ദത്തെടുത്ത് സഹായിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അതുപോലെതന്നെ സാമ്പത്തികമായി ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളും ധാരാളം നമ്മുടെ ചുറ്റുമുണ്ട്. അവരും നമ്മുടെ സജീവ പരിഗണന അർഹിക്കുന്നുണ്ട്.

തിരുനാളുകളോടനുബന്ധിച്ച് നാം ശ്രദ്ധിക്കേണ്ടതായ ഏതാനും ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കട്ടെ. പ്രദക്ഷിണങ്ങൾ പൊതു ജനത്തിനും വാഹനഗതാഗതത്തിനും തടസ്സമുണ്ടാകാത്ത രീതിയിൽ വേണം നടത്താൻ. എത്രയോപേർ ഏതെല്ലാം അത്യാവശ്യകാര്യങ്ങൾക്ക് യാത്രചെയ്യുന്നുണ്ടാകാം. ചിലപ്പോൾ ഏതാനും മിനിറ്റുകളുടെ വ്യത്യാസത്തിലായിരിക്കാം രോഗികൾ മരിക്കുന്നതും ബസ് നഷ്ടപ്പെടുന്നതും മറ്റും. പ്ലാസ്റ്റിക്, തെർമോകോൾ മുതലായവ കൊണ്ടുള്ള അലങ്കാര വസ്തുക്കൾ ഒഴിവാക്കുക എന്നതാണ് മറ്റൊരു നിർദ്ദേശം. നാമറിയാതെതന്നെ വലിയ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണവ എന്ന കാര്യം മറക്കാതിരിക്കുക. മാത്രമല്ല, ദൈവത്തിന്റെ മുമ്പിൽ കൃത്രിമത്വമില്ലാതെ വർത്തിക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. യഥാർത്ഥ പുഷ്പങ്ങൾകൊണ്ടും ചെടികളും

കൊണ്ട് അലങ്കരിക്കുന്നതാണ് അഭികാമ്യം. തോരണങ്ങളും മറ്റും കെട്ടുന്നതിനായി റോഡുകൾ കുത്തിപ്പൊളിച്ച് കാലുകൾ നാട്ടുന്ന പ്രവണതയും ഇല്ലാതാക്കേണ്ടതുണ്ട്. ചുരുക്കം ചില അവസരങ്ങളി ലെങ്കിലും അവ അപകടങ്ങൾക്ക് കാരണങ്ങളാകാറുണ്ട്.

നമ്മുടെ ആഘോഷങ്ങളെപ്പറ്റി പുനർവിചിന്തനം നടത്താം. അവയുടെ യഥാർത്ഥ അരൂപി നമുക്ക് വീണ്ടെടുക്കാം. അതോടൊപ്പം കൂടുതൽ പങ്കുവയ്ക്കുന്ന ഒരു മനോഭാവം നമ്മിൽ വളർത്തിയെടു ക്കുകയും ചെയ്യാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2004 ഒക്ടോ ബർ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപത മെത്രാൻ

---

N. B. :- ഈ സർക്കുലർ നവംബർ മാസം 7-ാം തീയതി ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതും വിശ്വാസികളെ ബോധ്യപ്പെടുത്തേ ണ്ടതാണ്.

# Vol. 6

Prot. No. 1192/2004
Pastoral Letter No. 5/2004

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

## മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിന്റെ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഈശോയുടെ ജനനതിരുനാളിന് ഒരുക്കമായുള്ള ഇരുപത്തിയഞ്ച് നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കയാണല്ലോ. ആരാധന ക്രമവർഷത്തിൽ ഇത് മംഗളവാർത്തക്കാലം എന്നറിയപ്പെടുന്നു. കർത്താവിന്റെ ജനനത്തോടെയാണ് അവിടുന്നിൽ പൂർത്തിയായ രക്ഷാകര കർമ്മം ആരംഭിക്കുന്നത്. സമയത്തിന്റെ തികവിൽ പൂർത്തിയായ രക്ഷാകര രഹസ്യത്തിന്റെ ഓർമ്മയാണ് ഈ കാലഘട്ടത്തിന്റെ പശ്ചാത്തലം. മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കന്മാരുടെ പാപം, തൽഫലമായി അധഃപതിച്ച മനുഷ്യകുലത്തിന്റെ അവസ്ഥ, രക്ഷകനെ അയയ്ക്കുമെന്നുള്ള വാഗ്ദാനം, രക്ഷകനെപ്പറ്റിയുള്ള പ്രവചനങ്ങൾ, പരി. മാതാവിന്റെ രക്ഷാകരചരിത്രത്തിലുള്ള സ്ഥാനം തുടങ്ങിയവയെല്ലാം ഈ കാലഘട്ടത്തിലെ വി. ഗ്രന്ഥ വായനകളിലും പ്രാർത്ഥനകളിലും നമ്മുടെ ധ്യാനവിഷയമാകുന്നുണ്ട്. നമ്മുടെ നിസ്സഹായവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി നാം കർത്താവിലേയ്ക്ക് കൂടുതൽ അടുക്കണമെന്നും അവിടുത്തേയ്ക്ക് പിറക്കുവാൻ നമ്മുടെ ഹൃദയങ്ങളെ സജ്ജമാക്കണമെന്നും അവ നമ്മെ ഓർമ്മപ്പെടുത്തുന്നു.

മംഗളവാർത്താകാലത്തിന്റെ അവസാനം നാം ഈശോയുടെ ജനനം അനുസ്മരിക്കുന്നു. എന്നാൽ അവിടുത്തെ ജനനത്തെ തന്റെ പീഡാനുഭവം; കുരിശുമരണം, ഉത്ഥാനം എന്നിവയിൽ നിന്ന് മാറ്റി നിർത്തി കാണാൻ സാധ്യമല്ല. കാരണം ഉത്ഥാനത്തിൽ പൂർത്തിയായ രക്ഷണീയ കർമ്മത്തിന്റെ തുടക്കം മാത്രമാണ് ജനനം. അതുകൊണ്ട് ക്രിസ്തുമസ്സിന്റെ അർത്ഥം മനസ്സിലാകണമെങ്കിൽ അവിടുത്തെ പീഡാനുഭവത്തിലേയ്ക്കും, കുരിശുമരണത്തിലേയ്ക്കും, ഉത്ഥാനത്തിലേയ്ക്കും കടന്നുചെല്ലണം. ആട്ടിടയന്മാർക്കു ലഭിച്ച സന്തോഷവാർത്ത യഥാർത്ഥത്തിൽ സന്തോഷത്തിന്റെ വാർത്തയാകുന്നത് കാലിത്തൊഴുത്തിൽപിറന്ന ആ ശിശുവിലൂടെ രക്ഷ കൈവരും എന്ന കാരണത്താലാണ്. അതിനുള്ള മാർഗ്ഗമാകട്ടെ മേൽപ്പറഞ്ഞവ മാത്രവും.

രക്ഷാകര സംഭവം മുഴുവൻ നാം ആരാധനക്രമത്തിൽ പല ഘട്ടങ്ങളിലായി അനുസ്മരിക്കുന്നു. എന്നാൽ വി. കുർബാനയിൽ ഈ രക്ഷാകര സംഭവങ്ങൾ ഒരുമിച്ച് അനുസ്മരിക്കുക മാത്രമല്ല കർത്താവ് നൽകിയ രക്ഷ നാം അനുഭവിക്കുകയും ചെയ്യുന്നു. വി. കുർബാന കേവലം പ്രതീകം മാത്രമല്ല, കർത്താവ് കാൽവരിയിലർപ്പിച്ച അതേ ബലിതന്നെയാണ്. അതുപോലെ കൂദാശ ചെയ്യപ്പെട്ട അപ്പവും വീഞ്ഞും അവിടുത്തെ യഥാർത്ഥ ശരീരവും രക്തവുമാണ്.

ഈശോയുടെ ഉത്ഥാനത്തിനുശേഷം അവിടുത്തെ അനുയായികൾ ശ്ലീഹന്മാരുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി കർത്താവ് പറഞ്ഞതും പഠിപ്പിച്ചതുമായ കാര്യങ്ങൾ അനുസ്മരിക്കുകയും ധ്യാനിക്കുകയും അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങളെല്ലാം നടപടി പുസ്തകത്തിൽ വായിക്കുന്നുണ്ട്. ഈശോ ഉത്ഥാനം ചെയ്ത ദിനം കർത്താവിന്റെ ദിവസമായി, യഹൂദന്മാർക്ക് സാബത്തെന്നതുപോലെ, ആചരിക്കപ്പെടാൻ തുടങ്ങുകയും ചെയ്തു. ഞായറാഴ്ച ആചരണം ക്രൈസ്തവ വിശ്വാസത്തിന്റേയും ജീവിതത്തിന്റേയും അവിഭാജ്യഘടകമാണ്.

ഞായറാഴ്ചയാചരണവും ബന്ധപ്പെട്ട മറ്റ് ഭക്താഭ്യാസങ്ങളും ക്രൈസ്തവരുടെ ജീവിതത്തിൽ നിന്ന് സാവധാനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. അതുപോലെതന്നെ

അതിന്റെ സാമൂഹികമാനങ്ങളും. സമ്പത്തു വർദ്ധിപ്പിക്കാനുള്ള തത്രപ്പാടും ഏറിവരുന്ന വിശ്വാസ വിരുദ്ധ മനോഭാവങ്ങളും മറ്റും ഇതിനു കാരണങ്ങളാണ്. ഈ പശ്ചാത്തലത്തിലാണ് പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ 2004 ഒക്ടോബർ മുതൽ 2005 ഒക്ടോബർ വരെ ദിവ്യകാരുണ്യവർഷമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നത്. ക്രൈസ്തവരുടെ ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരി. കുർബാനയുടേയും ഞായറാഴ്ച ആചരണത്തിന്റേയും സ്ഥാനവും അതിന്റെ സാമൂഹികമാനവും വീണ്ടെടുക്കുകയാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. ഇതോടനുബന്ധിച്ച് "കർത്താവേ ഞങ്ങളോടൊപ്പം വസിച്ചാലും" എന്ന പേരിൽ അപ്പസ്തോലിക ലേഖനവും "സഭയും ദിവ്യകാരുണ്യവും" എന്നൊരു ചാക്രിക ലേഖനവും അദ്ദേഹം ഇറക്കിയിട്ടുണ്ട്. സഭ എപ്രകാരം ദിവ്യകാരുണ്യ കേന്ദ്രീകൃതം ആകണം എന്നാണ് ചാക്രികലേഖനത്തിന്റെ മുഖ്യപ്രമേയം. ആദ്യം പറഞ്ഞ അപ്പസ്തോലിക ലേഖനമാകട്ടെ വി. കുർബ്ബാനയെപ്പറ്റി വേദഗ്രന്ഥത്തിലും സഭാ പ്രബോധനങ്ങളിലുമുള്ള പരാമർശങ്ങൾ അവതരിപ്പിക്കുന്നു. ഈ ദിവ്യകാരുണ്യവർഷം ആചരിക്കേണ്ടത് പുതുമയുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്തുകൊണ്ടല്ല, മറിച്ച് വി. കുർബാനയിലും ദിവ്യകാരുണ്യാരാധനയിലും വിശ്വാസികൾ സജീവമായും ഫലദായകമായും പങ്കുകൊണ്ടും ഇക്കാര്യത്തിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ടുമാണെന്ന് അദ്ദേഹം തന്റെ ലേഖനത്തിൽ പറയുന്നു.

ഈശോയുടെ മരണശേഷം നിരാശരായി എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാർക്കുണ്ടായ അനുഭവം വിവരിച്ചുകൊണ്ടാണ് അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. വി. ഗ്രന്ഥത്തിൽ രക്ഷകനെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഈശോ ശിഷ്യന്മാർക്കു വ്യാഖ്യാനിച്ചു കൊടുത്തു. അവരുടെ അഭ്യർത്ഥനമാനിച്ച് അവരോടൊത്ത് വസിക്കുവാൻ കർത്താവ് തയ്യാറാകുകയും അപ്പം മുറിച്ച് അവർക്ക് കൊടുക്കുകയും ചെയ്തപ്പോൾ കൂടെ വന്ന അപരിചിതൻ കർത്താവാണെന്ന് അവർ തിരിച്ചറിഞ്ഞു. അതുപോലെ ഇന്ന് നാം കർത്താ

വിനെ തിരിച്ചറിയുന്നത് വി. കുർബാനയർപ്പണത്തിലാണെന്ന് മാർപാപ്പ പറയുന്നു.

ലോകമെങ്ങുമുള്ള മെത്രാന്മാരേയും വൈദികരേയും സമർപ്പിതരേയും അത്മായരേയും തിരുവെഴുത്തിലൂടെ അഭിസംബോധന ചെയ്തുകൊണ്ട് അവരോരുത്തരും ഈ ദിവ്യകാരുണ്യവർഷത്തിൽ എന്തു ചെയ്യണമെന്ന് പരി. പിതാവ് സൂചിപ്പിക്കുന്നുണ്ട്. തന്റെ ക്ഷണം പൂർണ്ണമായ സ്നൈഹിക തീക്ഷ്ണതയോടെ സ്വീകരിക്കാനും യുക്തമായ കാര്യങ്ങൾ സ്വന്തം രൂപതയിൽ നടപ്പാക്കാനും അദ്ദേഹം മെത്രാന്മാരോട് ആവശ്യപ്പെടുന്നു. അദ്ദേഹത്തിന്റെ ഭാഷയിൽ 'തങ്ങളെന്തെങ്കിലും 'അസാധാരണമായത്' ചെയ്യാനല്ല ആവശ്യപ്പെടുന്നത്, മറിച്ച് ചെയ്യുന്നതെല്ലാം ആഴത്തിലുള്ള ആന്തരികതയോടെ വേണമെന്നാണ്.' സ്നേഹത്തിന്റെ വലിയ അത്ഭുതമായ വി. കുർബാന അർപ്പിക്കുമ്പോൾ തങ്ങളുടെ പ്രഥമ ദിവ്യബലിയിലേപ്പോലെയുള്ള ചൈതന്യവും ഭക്തിയും ഉണ്ടാകണമെന്ന് അദ്ദേഹം വൈദികരെ ഉപദേശിക്കുന്നു. അവർ അതേ ചൈതന്യത്തിൽ ദിവ്യസക്രാരിയുടെ മുമ്പിൽ പ്രാർത്ഥനാ നിരതരാകുകയും വേണം. സമർപ്പിതരോട് അദ്ദേഹം പറയുന്നത് ഈശോയോടുകൂടി ഇരിക്കുവാനാണ് തങ്ങൾ വിളിക്കപ്പെട്ടതെന്ന വസ്തുത അവർ ഒരിക്കലും മറക്കരുതെന്നാണ്. അവരുടെ ഹൃദയങ്ങളെ സ്നേഹംകൊണ്ടും സൗഹൃദം കൊണ്ടും നിറച്ച് സമർപ്പിത ജീവിതത്തിന് അർത്ഥവും പൂർത്തീകരണവും നൽകുവാൻ ദിവ്യകാരുണ്യ നാഥന് മാത്രമേ കഴിയൂ എന്നദ്ദേഹം എടുത്തു പറയുന്നു. ലോകത്തിലെ വിവിധ മണ്ഡലങ്ങളിലും വിശിഷ്യാ, കുടുംബജീവിതത്തിലും തങ്ങളുടെ ദൗത്യനിർവ്വഹണത്തിനാവശ്യമായ ശക്തി വി. കുർബ്ബാനയിൽ നിന്നും സംഭരിക്കുവാനാണ് പരി. പിതാവ് അത്മായരെ ഉദ്ബോധിപ്പിക്കുന്നത്.

'സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവന്റെ അപ്പം' കൂദാശ ചെയ്യപ്പെട്ട അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ സ്വീകരിക്കുമ്പോൾ നാം ഈശോയോട് ഒന്നായിത്തീരുന്നു. എന്നാൽ ആരെങ്കിലും "അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും

പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ തെറ്റു ചെയ്യുന്നു ..... ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയെയാണ് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്" (1കോറി. 11, 27-30). എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ശൂന്യവത്ക്കരണത്തിന്റേയും പങ്കുവയ്ക്കലിന്റേയും കൂദാശയാണ് വി. കുർബാന. ഇപ്രകാരം കാര്യങ്ങൾക്കെതിരെ നാം പ്രവർത്തിക്കുമ്പോൾ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ നാം തെറ്റുകാരാകുന്നു.

സ്വയം ശൂന്യവത്ക്കരിച്ച് സ്വന്തം ശരീരവും രക്തവും തന്റെ അനുയായികൾക്കായി വീതിച്ചുകൊടുത്ത ഈശോയുടെ മാതൃകയാണ് ഓരോ ക്രൈസ്തവ വിശ്വാസിയും പിൻതുടരുന്നത്. വി. കുർബാനയുടെ പ്രായോഗികവും സാമൂഹ്യവുമായ മാനമാണിത്. ശൂന്യവത്ക്കരണത്തിലേയ്ക്കും പങ്കുവയ്ക്കലിലേയ്ക്കും വളരാത്ത ബലിയർപ്പണവും ദിവ്യകാരുണ്യ സ്വീകരണവും കേവലം ഭക്താഭ്യാസത്തിന്റെ തലത്തിൽ നിലകൊള്ളുകയേയുള്ളൂ. 'തന്റെ ചെറിയവരിൽ' അവിടുത്തെ കണ്ടുമുട്ടാൻ സാധിക്കാത്തവർക്ക് ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള യോഗ്യതയില്ല. ഇത്തരുണത്തിൽ സഭാ പിതാവായ വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ പ്രസക്തമാണ്. "ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ, അവൻ നഗ്നനായിരിക്കുമ്പോൾ അവനെ അവഗണിക്കരുത്. പുറത്ത് അവിടുന്ന് നഗ്നനായി തണുത്തു വിറച്ചിരിക്കുമ്പോൾ അവനെ മറന്ന് ദേവാലയങ്ങളിൽ ആഢംബരപൂർണ്ണമായ ആദരവു നൽകിയിട്ട് എന്തു പ്രയോജനം? ഇതെന്റെ ശരീരമാണെന്ന് പറഞ്ഞവൻ തന്നെയാണ് വിശക്കുന്നവനായി കണ്ടിട്ടും നിങ്ങൾ എനിക്ക് ആഹാരമൊന്നും തന്നില്ല എന്നും പറഞ്ഞത്. ക്രിസ്തു വിശന്നിരിക്കുമ്പോൾ അവനുവേണ്ടി അൾത്താരയിൽ സ്വർണ്ണക്കാസാ ഒരുക്കിയിട്ട് എന്തു പ്രയോജനം? ആദ്യം അവന്റെ വിശപ്പടക്കാൻ

വേണ്ടത് ചെയ്യുക അതിനുശേഷം മിച്ചമുള്ളതുകൊണ്ട് അൾത്താര അനുയോജ്യമായി അലങ്കരിക്കുക".

ഈശോയുമായുള്ള പരിപൂർണ്ണമായ താദാത്മ്യപ്പെടലാണ് ദിവ്യകാരുണ്യ സ്വീകരണത്തിൽ നടക്കുന്നത്. അതിലൂടെ സമൂഹം മുഴുവനോടുമുള്ള ഐക്യദാർഢ്യ പ്രഖ്യാപനവുമായിത്തീരണം അത്. പിതാവിന്റെ ഇഷ്ടത്തിന് വിധേയപ്പെട്ടുകൊണ്ട് സഹോദരങ്ങളുടെ മോചനത്തിനായ് നമ്മെത്തന്നെ സമർപ്പിക്കുവാനുള്ള നമ്മുടെ സന്നദ്ധതയാണ് നാമതിലൂടെ പ്രഖ്യാപിക്കുന്നത്. വി. കുർബാനയർപ്പണവും ദിവ്യകാരുണ്യ സ്വീകരണവും അർത്ഥവത്താകുന്നത് ഈ സന്നദ്ധത നാം പ്രയോഗത്തിൽ വരുത്തുമ്പോഴാണ്.

മനുഷ്യന്റെ സമഗ്രവിമോചനത്തിന്റെ അടയാളമാണ് വി. കുർബാന. അതിനായി കർത്താവിന്റെ മാർഗ്ഗമല്ലാതെ മറ്റൊന്നില്ല. അതിന്റെ അന്ത്യം അനിവാര്യമായും പീഡനവും കുരിശുമരണവും ആയിരിക്കുകയും ചെയ്യും എന്ന് ഈശോയുടെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. എന്നാൽ അതിലൂടെ മാത്രമേ കർത്താവുദ്ദേശിച്ച മാനവവിമോചനം സാധ്യമാവുകയുള്ളു എന്ന വസ്തുതയും മറക്കരുത്.

കർത്താവിന്റെ ശൂന്യവത്ക്കരണത്തിനും ആത്മദാനത്തിനും സാക്ഷ്യം വഹിക്കേണ്ടവരാണ് ക്രിസ്തുവിശ്വാസികളേവരും. അതിൽ നിന്ന് വ്യത്യസ്തമായ ഒരു ജീവിതശൈലി അവർക്കുണ്ടാകാനും പാടില്ല. ഇന്ന് ലോകത്തിൽ എല്ലായിടത്തും നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും സാമാന്യ നീതിപോലും നിഷേധിക്കപ്പെട്ട് മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽക്കഴിയുന്ന അനേകായിരങ്ങളുണ്ട്. അവരെ ആ അവസ്ഥയിൽ നിന്ന് മോചിപ്പിക്കാനുള്ള ഒരു വിളിയാണ് സഭാസമൂഹത്തിനുള്ളത്. പ്രത്യേകിച്ച് സഭയിലെ സമർപ്പിതരും സഭാസമൂഹങ്ങളെ നയിക്കുന്നവരും തങ്ങളുടെ ഈ വിമോചനദൗത്യം ഒരിക്കലും മറക്കാതിരിക്കണം.

മനുഷ്യസമൂഹത്തിന്റെ വിമോചനവും സഹോദരങ്ങളുടെ സുസ്ഥിതിയും ഉന്നമനവും കാംക്ഷിക്കാത്തിടത്ത് വി. കുർബാന

Prot. No. 1193/2004

# ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സവിശേഷ ശ്രദ്ധയ്ക്ക്

1. ഇടവകകളെപ്പറ്റിയുള്ള വിലയിരുത്തലും ഭാവി പദ്ധതികളെപ്പറ്റിയുള്ള നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട് സെപ്റ്റംബർ മാസത്തിനകം ബിഷപ്സ്ഹൗസിലേക്ക് അയയ്ക്കണമെന്ന് പറഞ്ഞിരുന്നല്ലോ. ഇതുവരെയും അറുപതിൽ താഴെ റിപ്പോർട്ടുകൾ മാത്രമാണ് കിട്ടിയിരിക്കുന്നത്. കിട്ടിയ റിപ്പോർട്ടുകൾ ഫൊറോനാ അടിസ്ഥാനത്തിൽ തിരിച്ച് ഫൊറോന വികാരിമാരെ ഉടൻതന്നെ ഏൽപ്പിക്കുന്നതാണ്. ഡിസംബർ മാസത്തിലെ മാസധ്യാനത്തിൽ അവ ചർച്ച ചെയ്ത് ആ ഫൊറോനയിലെ ഓരോ ഇടവകയെപ്പറ്റിയുള്ള വിലയിരുത്തലും ഭാവിയിലേക്കുള്ള നിർദ്ദേശങ്ങളും വ്യക്തമായെഴുതി ഇതിനുവേണ്ടിയുള്ള കമ്മിറ്റിയുടെ കൺവീനറായ ബഹു. ജോസ് തേക്കനാടിയച്ചനെ ജനുവരി ഒന്നിന് മുമ്പായി ഏൽപ്പിക്കേണ്ടതാണ്. ഫൊറോന വികാരിമാരാണ് അത് ചെയ്യേണ്ടത്. ആദ്ധ്യാത്മികവും സാമ്പത്തികവുമായ തലങ്ങളെപ്പറ്റിയുള്ള വിലയിരുത്തലും നിർദ്ദേശങ്ങളുമാണ് ചർച്ചയ്ക്കുശേഷം കൊടുക്കുന്ന റിപ്പോർട്ടിൽ ഉണ്ടാകേണ്ടത്. ചരിത്രപരമായ കാര്യങ്ങളെപ്പറ്റിയുള്ള പരാമർശം ആവശ്യമില്ല.

   ഇതുവരെയും റിപ്പോർട്ട് ഇവിടെ എത്തിക്കാത്തവർ അവ മാസധ്യാനത്തിന് പോകുമ്പോൾ കൊണ്ടുപോകുകയും ചർച്ചയ്ക്ക് ശേഷം കമ്മിറ്റിയുടെ കൺവീനറെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

2. നമ്മുടെ മൈനർ സെമിനാരിക്കാരെ പഠിപ്പിക്കുന്നതിനായി സ്പോൺസർമാരെ കണ്ടെത്താനുള്ള പദ്ധതി നിലവിലുള്ളതായി അറിയാമല്ലോ. ഇതിലേയ്ക്ക് മൈനർ സെമിനാരിയുടെ റെക്ടർ ഫാ. ജിൽസൺ കോക്കണ്ടത്തിൽ ബഹു. വികാരിയച്ചന്മാരെ സമീപിക്കുന്നതാണ്. ഇടവകയിൽ ഇക്കാര്യത്തിൽ

താൽപര്യമുള്ള വ്യക്തികളെ കണ്ടെത്തി അദ്ദേഹവുമായി സംസാരിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്പോൺസർ ചെയ്യാൻ താൽപര്യമുള്ളവരെ കണ്ടെത്താനായി ഇക്കാര്യം പള്ളിയിൽ അറിയിക്കാവുന്നതാണ്. സെമിനാരി ചെലവുകൾക്കായുള്ള പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നതിനാൽ ബഹു. വികാരിയച്ചന്മാരുടെ നിർലോഭമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. താൽപര്യമുള്ള ഇടവകകൾക്കു തന്നെയും സ്പോൺസർമാരാകാവുന്നതാണ്.



+ ജോസ് പൊരുന്നേടം

മാനന്തവാടി രൂപതാമെത്രാൻ